(സി) അവിടെ താമസത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 'ട്രക്കിംഗ് ടു ബൈസൺ അബോഡ്' എന്ന പേരിൽ ചെമ്മുഞ്ഞി, പാണ്ടിപ്പത്ത് എന്നിവിടങ്ങളിലേക്ക് പത്ത് കിലോമീറ്റർ ദൈർഘ്യമുള്ളതും രാത്രികാല താമസമുള്ളതുമായ ഒരു ട്രക്കിംഗ് പാക്കേജ് ആണ് വിഭാവന ചെയ്തിട്ടുള്ളത്. ബോണക്കാടിൽ നിന്നും ആരംഭിക്കുന്ന ഈ ട്രക്കിംഗ് ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി മുഖേനയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്. എട്ടുപേരടങ്ങുന്ന ഒരു ഗ്രൂപ്പ് ഇന്ത്യൻ സഞ്ചാരികൾക്ക് 3500 രൂപയാണ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. വിദേശ സഞ്ചാരികൾക്കായി 7000 രൂപയാണ് ഫീസ്. 8 പേർക്കുള്ള ആഹാരം, ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി (ഇ. ഡി. സി.)-യുടെ ചാർജ്ജ്, പ്രവേശന ഫീസ്, പാർക്കിംഗും മറ്റു സൗകര്യ സേവനങ്ങളും എന്നിവ ഉൾപ്പെടെയാണ് പ്രസ്തുത ഫീസ്. ടൂറിസം വകുപ്പിന്റെ സഹായത്തോടെ തിരുവനന്തപുരം വന്യജീവി ഡിവിഷന്റെ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റിയാണ് ഇത് നടപ്പാക്കുന്നത്.

(സി) ഈ ട്രക്കിംഗിന്റെ ഭാഗമായി വനത്തിനുള്ളിൽ രാത്രിയിൽ ക്യാമ്പിംഗ് സൗകര്യങ്ങളും ടെന്റഡ് അക്കോമഡേഷനും ഏർപ്പെടുത്തുന്നതാണ്.

ആക്കുളം ടൂറിസം മേഖലയുടെ വികസനം

76 [387] *ശ്രീ. കെ. മോഹൻകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസം മേഖലയുടെ വികസനത്തിനും നവീകരണത്തിനുമായി 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആക്കുളത്തെ ടൂറിസം വ്യാപനത്തിനായി ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആക്കുളത്തെ ചിൽഡ്രൻസ് പാർക്ക് നവീകരണത്തിനും കൃത്രിമ വെള്ളച്ചാട്ട പദ്ധതി പൂർത്തിയാക്കാനും സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) ബോട്ട് ക്ലബ്ബിൽ കൂടുതൽ ബോട്ടുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ മൂന്ന് വർഷക്കാലമായി ആക്കുളത്ത് ഓണക്കാലത്ത് ഡി. ടി. പി. സി. മുൻകൈയെടുത്ത് നടത്തിവരുന്ന ശ്രാവണസന്ധ്യ എന്ന സായാഹ്നാ ഘോഷ പരിപാടികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ആക്കുളം ഭാഗത്തോട്ടുള്ള നടപ്പാത നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) ആക്കുളത്തെ ടൂറിസം സാദ്ധ്യതകൾ ചർച്ച ചെയ്യുന്നതിനായി ഒരു ഉന്നതതല സമ്മേളനം വിളിച്ചു ചേർക്കുമോ;

(എച്ച്) ആക്കുളം-ചാവടിമുക്ക് റോഡും ആക്കുളം-വെൺപാലവട്ടം റോഡും ടൂറിസം പാതകളായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുമോ;

(ഐ) തലസ്ഥാന മേഖലയിലെ അതിപ്രധാന ടൂറിസം കേന്ദ്രമായ ആക്കുളത്തെ ഭാവിവികസന സാദ്ധ്യതകൾ കണക്കിലെടുത്ത് സംസ്ഥാന ഹൗസിംഗ് ബോർഡ്, ടി. ബി. സാനിട്ടേറിയം, ഭൗമപഠനകേന്ദ്രം, ഇറിഗേഷൻ വകുപ്പ് എന്നിവരുമായി സഹകരിച്ച് ഭൂവിനിയോഗം, കെട്ടിടനിർമ്മാണം, ലാന്റ് സ്കേപ്പിംഗ് എന്നിവയിൽ ആസൂത്രിതമായ കാഴ്ചപ്പാട് ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ച നടപടികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. 33 ലക്ഷം രൂപ മതിപ്പുചെലവിൽ ഡാൻസിംഗ് & മ്യൂസിക് ഫൗണ്ടൻ നിർമ്മാണം, 22 ലക്ഷം രൂപ മതിപ്പു ചെലവിൽ മ്യൂസിക്കൽ ഫൗണ്ടൻ തിയേറ്റർ നിർമ്മാണം, 7.5 ലക്ഷം മതിപ്പു ചെലവിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണം എന്നിവയുടെ പണികൾ പൂർത്തിയാക്കി.

2. 20 ലക്ഷം രൂപ മതിപ്പുചെലവിൽ കൃത്രിമ വെള്ളച്ചാട്ട നിർമ്മാണം, 14.5 ലക്ഷം രൂപ മതിപ്പുചെലവിൽ ജലപാതയുടെ നവീകരണം,10.6 ലക്ഷം രൂപ മതിപ്പുചെലവിൽ കാസ്കേഡ്-ലാന്റ് സ്കേപ്പിംഗ് ജോലികൾ, ഒരു കോടി രൂപ മതിപ്പുചെലവിൽ ആക്കുളം കായലിന്റെ ആഴം കൂട്ടൽ എന്നീ പണികൾ നടന്നുവരുന്നു.

(ബി) ആക്കുളം ബോട്ട് ജെട്ടിയിൽ ടോയ്‌ലറ്റ് നിർമ്മാണം, കുട്ടികളുടെ പാർക്കിൽ പുതിയ കളിക്കോപ്പുകൾ സ്ഥാപിക്കൽ, ബോട്ട് ജെട്ടി കോമ്പൗണ്ടുവാൾ നിർമ്മാണം, സിമ്മിംഗ് കാമ്പസിലെ കോമ്പൗണ്ടുവാൾ നിർമ്മാണം, നിലവിലുള്ള ടോയ്‌ലറ്റിന്റെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, കോമ്പൗണ്ടുവാൾ നിർമ്മാണം മുതലായവ. മേൽപ്പടി വർക്കുകൾക്കായി സർക്കാർ 15,43,852 രൂപ അനുവദിച്ചിട്ടുണ്ട്. ആക്കുളം ടൂറിസ്റ്റ് വില്ലേജ് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

മനോഹരമാക്കാനും വേളിവരെ ബോട്ടിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഉദ്ദേശമുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) ആക്കുളം ബോട്ട് ക്ലബ്ബിൽ പുതിയ ബോട്ടുകൾ വാങ്ങുവാനായി 5,88,500 രൂപ ഡി. ടി. പി. സി. ക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) പരിശോധിക്കാവുന്നതാണ്.

(ജി) ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ഒരു ഉന്നതതല സമ്മേളനം 11-7-2005-ന് വിളിച്ചു ചേർക്കുന്നതാണ്.

(എച്ച്) പരിശോധിക്കാവുന്നതാണ്.

(ഐ) പരിശോധിക്കാവുന്നതാണ്.

ഫാം ടൂറിസം സർക്യൂട്ട് പദ്ധതി

77 [388] *ശ്രീ. വി. ഡി. സതീശൻ:*
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എം. എം. ഹസ്സൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി കേന്ദ്രമാക്കി ഫാം ടൂറിസം സർക്യൂട്ട് തുടങ്ങാനുള്ള പദ്ധതിക്ക് യു. എൻ. സി. പി. അംഗീകാരം ലഭിച്ചുവോ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിന് യു. എൻ. സി. പി. എന്തു സഹായം നൽകും:

(സി) ഈ പദ്ധതിയുടെ പരിധിയിൽ ഏതെല്ലാം സ്ഥലങ്ങൾ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly